**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2517** **12.06.2018- ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.ആർ. പ്രദീപ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനും സഹായകരമാകുന്ന വിധത്തിലുള്ള എന്തെല്ലാം ഇടപെടലുകളാണ് സഹകരണ പ്രസ്ഥാനങ്ങൾ നടത്തിവരുന്നത്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എ) 1. 3 ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരും 4% സബ്സിഡി നൽകി പൂർണ്ണമായ പലിശയിളവ് നൽകി വരുന്നു.<br>2. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.<br>3. ഓഹരി മൂലധനം, വായ്പ, സബ്സിഡി മുതലായ സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>4. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

5. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

6. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

7. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതി പ്രകാരം 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധന സഹായം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**